# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 07.12.2025** | പ്രധാന വാർത്തകൾ | **TIME: 12.30 PM**

1. നടപ്പ് സാമ്പത്തിക വർഷം രണ്ടാം പാദത്തിലെ 8 ശതമാനം ജിഡിപി വളർച്ചാ നിരക്ക് രാജ്യ പുരോഗതിയുടെ പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിൽ ആദ്യ ഘട്ട വോട്ടെടുപ്പ് മറ്റന്നാൾ; ഏഴ് ജില്ലകളിൽ പ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം.

3. ഗോവയിൽ, നിശാ ക്ലബ്ബിലുണ്ടായ തീപിടുത്തത്തിൽ മരിച്ചവരുടെ എണ്ണം 25 ആയി.

4. തിരുവനന്തപുരം വിമാനത്താവളത്തിൽ ഇന്ന് 11 ഇൻഡിഗോ ഫ്ളൈറ്റുകൾ റദ്ദാക്കി; യാത്ര മുടങ്ങിയവർക്ക് ഇന്ന് തന്നെ പണം തിരികെ നൽകാൻ ഉത്തരവിട്ട് സിവിൽ വ്യോമയാന മന്ത്രാലയം.

5. കൊല്ലം കുരീപ്പുഴയിൽ മത്സ്യബന്ധന ബോട്ടുകൾ കത്തി നശിച്ച സംഭവം **ACP** അന്വേഷിക്കും.

6. **FIH** പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ജർമ്മനിയെ നേരിടും.

## പ്രധാനമന്ത്രി നരേന്ദ്രമോദി

ഉയർന്ന വളർച്ചയുടെയും കുറഞ്ഞ പണപ്പെരുപ്പത്തിന്റെയും മാതൃകയായി ആഗോളതലത്തിൽ ഇന്ത്യ നിലകൊള്ളുകയാണെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി. നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലെ 8 ശതമാനം ജിഡിപി വളർച്ചാ നിരക്ക് രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന പുരോഗതിയുടെ പ്രതിഫലനമാണെന്ന് പ്രധാനമന്ത്രി എടുത്തു പറഞ്ഞു. ഇന്ത്യയുടെ സാധ്യതകൾ വളരെക്കാലമായി ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും എന്നാൽ വടക്കുകിഴക്കൻ മേഖലകൾ, ഗ്രാമങ്ങൾ, ടയർ-2, ടയർ-3 നഗരങ്ങൾ, സ്ത്രീകൾ, യുവാക്കൾ, ബഹിരാകാശ മേഖല, സമുദ്ര സമ്പദ്‌വ്യവസ്ഥ തുടങ്ങിയ മേഖലകൾ ഇപ്പോൾ അവയുടെ പൂർണ്ണ ശേഷി തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

**********************************

## ഇൻഡിഗോ വിമാന സർവീസുകൾ

തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നുള്ള ഇന്നത്തെ 11 ആഭ്യന്തര ഇൻഡിഗോ വിമാന സർവീസുകൾ റദ്ദാക്കി. തിരുവനന്തപുരത്തേക്കുള്ള അഞ്ചു സർവീസുകളും, ഇവിടെ നിന്നുമുള്ള ആറു സർവീസുകളുമാണ് തടസ്സപ്പെട്ടത്. ഇതുവരെ നാലു ഇൻഡിഗോ സർവീസുകളാണ് ഇന്ന് നടന്നത്.

**********************************

## ഇൻഡിഗോയ്ക്ക് നിർദ്ദേശം

റദ്ദാക്കിയതോ തടസ്സപ്പെട്ടതോ ആയ ഫ്ളൈറ്റുകളിലെ എല്ലാ യാത്രക്കാർക്കും ഉടൻ പണം തിരികെനൽകുന്നതിന് കേന്ദ്രസർക്കാർ ഇൻഡിഗോയ്ക്ക് നിർദ്ദേശം നൽകി. എല്ലാ വിമാനങ്ങളുടെയും റീഫണ്ടുകൾ ഇന്ന് രാത്രി 8 മണിക്കുള്ളിൽ നൽകണമെന്ന് സിവിൽ ഏവിയേഷൻ മന്ത്രാലയം ഉത്തരവിട്ടു.

ഇൻഡിഗോയുടെ നൂറുകണക്കിന് ഫ്ളൈറ്റുകൾ റദ്ദാക്കിയതിനെ തുടർന്നാണ് നിർദ്ദേശം പുറപ്പെടുവിച്ചത്. അതേസമയം, വ്യാപകമായ വിമാന സർവീസ് റദ്ദാക്കലും, ശൈത്യകാലത്തെ അധിക തിരക്കും കണക്കിലെടുത്ത് വിവിധ സോണുകളിലായി അടുത്ത രണ്ട് ദിവസത്തേക്ക് 89 പ്രത്യേക ട്രെയിൻ സർവീസുകൾ ഇന്ത്യൻ റെയിൽവേ പ്രഖ്യാപിച്ചു.

**********************************

**തെരഞ്ഞെടുപ്പ് - പ്രചാരണം**

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ഏഴു ജില്ലകളിൽ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലാണ് ആദ്യഘട്ട വോട്ടെടുപ്പ്. രണ്ടാം ഘട്ടം ഈ മാസം 11 നും വോട്ടെണ്ണൽ 13 നും നടക്കും.

**********************************

**ആലപ്പുഴ - തെരഞ്ഞെടുപ്പ് (ഇൻട്രോ)**

ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന ആലപ്പുഴ ജില്ലയിൽ മുന്നണികളുടെ പ്രചാരണം കൊട്ടിക്കലാശത്തിന്റെ ആവേശത്തിലാണ്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....**

**(ഹോൾഡ് വോയിസ്)**

**********************************

**കൊല്ലം - പ്രചാരണം**

പരസ്യപ്രചാരണത്തിന്റെ അവസാനമണിക്കൂറുകറിൽ കൊല്ലം ജില്ലയിൽ പ്രചാരണം പാരമ്യത്തിലെത്തി. മൂന്ന് മുന്നണികളുടെയും വാഹന അനൗൺസ്മെന്റുകളും,

സ്ഥാനാർത്ഥികളുടെ സ്വീകരണപര്യടനവും, കവലയോഗങ്ങളും എല്ലായിടത്തും പുരോഗമിക്കുകയാണ്. ചിന്നക്കട ഉൾപ്പെടെ പ്രധാന ജംഗ്ഷനുകളിൽ വൈകുന്നേരം കലാശക്കൊട്ടിനായി സ്ഥാനാർത്ഥികളും നേതാക്കളും പ്രവർത്തകരും സംഗമിക്കും.

*********************************

## പോളിങ് സാധനങ്ങളുടെ വിതരണം

തദ്ദേശ തിരഞ്ഞെടുപ്പിൽ ആദ്യ ഘട്ടം വോട്ടെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉൾപ്പെടെയുള്ള പോളിങ് സാധനങ്ങളുടെ വിതരണം നാളെ രാവിലെ ആരംഭിക്കും. പഞ്ചായത്തുകളിൽ ബ്ലോക്ക് തലത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ അതത് സ്ഥാപനതലത്തിലുമാണ് വിതരണ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുള്ളത്. വിതരണ കേന്ദ്രങ്ങളിൽ ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ആകെ 117 വിതരണ കേന്ദ്രങ്ങളാണുള്ളത്.

*********************************

## തെരഞ്ഞെടുപ്പ് കണ്ണൂർ - പരിശീലനം

കണ്ണൂർ ജില്ലയിൽ തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രിസൈഡിങ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ ഡ്യൂട്ടി ലഭിച്ച, ഇതുവരെ പരിശീലനം കിട്ടാത്തവർക്ക് ചൊവ്വാഴ്ച രാവിലെ ജില്ലാ പ്ലാനിംഗ് ഓഫീസ് കോൺഫറൻസ് ഹാളിൽ പരിശീലനം നൽകും. നേരത്തെ പരിശീലനത്തിൽ പങ്കെടുക്കാത്തതും നിയമന ഉത്തരവ് ലഭിച്ചവരും പരിശീലനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കലക്ടർ അറിയിച്ചു.

*********************************

## പോസ്റ്റ് ഓഫീസുകൾ

രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ പോസ്റ്റ് ഓഫീസുകൾ നാളെ വൈകിട്ട് 6 വരെ തുറന്നു പ്രവർത്തിക്കും. പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകളും പോസ്റ്റൽ ബാലറ്റുകളും കൈകാര്യം ചെയ്യുന്നതിനായാണ് നടപടി. ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ഇന്നലെ വൈകിട്ട് 6 വരെ പോസ്റ്റ് ഓഫീസുകൾ പ്രവർത്തിച്ചു.

**********************************

## വയനാട് - വോട്ട് - വാഹനസൗകര്യം

വയനാട് ജില്ലയിൽ ചുരൽമല-മുണ്ടക്കൈ ദുരന്തത്തിൽപ്പെട്ട് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ താമസിച്ചു വരുന്ന ആളുകൾക്ക് തദ്ദേശ പൊതുതിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനായി വാഹനസൗകര്യം ഏർപ്പെടുത്തും.

**********************************

## ഗോവ - ക്ലബ്ബ് തീപിടുത്തം

ഗോവയിൽ, അർപോറയിലെ നിശാ ക്ലബ്ബിൽ ഇന്നലെ രാത്രിയുണ്ടായ വൻ തീപിടുത്തത്തിൽ മരിച്ചവരുടെ എണ്ണം 25 ആയി. മരിച്ചവരിൽ ഭൂരിഭാഗവും ക്ലബിലെ ജീവനക്കാരും 4 പേർ വിനോദസഞ്ചാരികളുമാണ്. സിലിണ്ടർ സ്ഫോടനത്തെ തുടർന്നാണ് തീപിടിത്തമെന്നു പ്രാഥമിക നിഗമനം. അപകടത്തിൽ ആറ് പേർക്ക് പരിക്കേറ്റു. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അതീവ ദുഃഖം രേഖപ്പെടുത്തി. സ്ഥലം സന്ദർശിച്ച മുഖ്യമന്ത്രി പ്രമോദ് സാവന്ത്, നിർബന്ധിത അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ക്ലബ് പ്രവർത്തിച്ചതെന്നു വ്യക്തമാക്കി. സംഭവത്തിനു ഉത്തരവാദികളായവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

**********************************

**ജൂനിയർ ഹോക്കി ലോകകപ്പ്**

FIH പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ജർമ്മനിയെ നേരിടും. ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിൽ പ്രവേശിച്ചത്. ചെന്നൈയിൽ വൈകിട്ട് 8 ന് മത്സരം ആരംഭിക്കും.

***********************************

**അഗസ്ത്യാർകൂടം - ശബരിമല (ഇൻട്രോ)**

അഗസ്ത്യാർകൂടത്തിൽ നിന്ന് ശേഖരിച്ച കാഴ്ച്ചദ്രവ്യങ്ങൾ കാണി ഗോത്ര പ്രതിനിധികൾ ശബരിമല അയ്യപ്പസ്വാമിക്ക് സമർപ്പിച്ചു. തിരുവനന്തപുരം കോട്ടൂർ വനമേഖലയിൽ നിന്നെത്തിയ 167 പേരടങ്ങുന്ന സംഘമാണ് പതിവുതെറ്റിക്കാതെ ഇത്തവണയും മലചവിട്ടിയത്.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

***********************************

**നിയന്ത്രണം - റാന്നി**

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് റാന്നി പ്ലാപ്പള്ളി-തുലാപ്പള്ളി റോഡിൽ വൈകിട്ട് ആറ് മുതൽ രാവിലെ ആറു വരെ അയ്യപ്പ ഭക്തരുടെ വാഹനങ്ങൾക്ക് ജില്ലാ കലക്ടർ നിയന്ത്രണം ഏർപ്പെടുത്തി. അപകട സാധ്യതയുള്ള വന പാതയായതിനാൽ അയ്യപ്പ ഭക്തരുടെ സുരക്ഷ മുൻനിർത്തിയാണ് നടപടി.

***********************************

**പന്തളം (ഇൻട്രോ)**

പന്തളം തിരുവാഭരണ പേടക വാഹകസംഘത്തിലെ ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയ്ക്ക് പന്തളം കൊട്ടാരം നിർവാഹക സംഘത്തിന്റെ നേതൃത്വത്തിൽ വിരമിക്കൽ ചടങ്ങ് നൽകി. പന്തളം വലിയകോയിക്കൽ ക്ഷേത്ര സന്നിധിയിലാണ് ചടങ്ങ് നടന്നത്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ തയാറാക്കിയ റിപ്പോർട്ട്..**

(വോയിസ്)

**********************************

## കുരീപ്പുഴ- തീ

കൊല്ലം കുരീപ്പുഴയിൽ തീ പിടിച്ചു മത്സ്യബന്ധന ബോട്ടുകൾ കത്തിയ സംഭവത്തിൽ ACP യ്ക്ക് അന്വേഷണ ചുമതല. അട്ടിമറി സാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കും. പുലർച്ചെയുണ്ടായ തീപിടുത്തത്തിൽ ഡൊമിനിക് കടവ് ഭാഗത്ത് കെട്ടിയിരുന്ന 9 ബോട്ടുകളും, ഒരു ചീനവലയും, ഒരു ഫൈബർ വള്ളവുമാണ് കത്തിനശിച്ചത്. ആറ് കോടിയിലധികം രൂപയുടെ നാശനഷ്ടം ഉണ്ടായതായാണ് സൂചന. എൻ.കെ. പ്രേമചന്ദ്രൻ എം.പി., ജില്ലാ കളക്ടർ, കമ്മീഷണർ, തുടങ്ങിയവർ സ്ഥലം സന്ദർശിച്ചു.

**********************************

## കാട്ടാന - പടയപ്പ

മൂന്നാറിലെ ജനവാസ മേഖലയിൽ വീണ്ടും നാശം വരുത്തി കാട്ടുകൊമ്പൻ പടയപ്പ. കാട്ടാന മാട്ടുപ്പെട്ടിയിൽ വഴിയോരക്കടകൾക്ക് നേരെ അതിക്രമം നടത്തി. നെറ്റിമേട് ഭാഗത്ത് ലയങ്ങളോട് ചേർന്ന് കൃഷിയും നശിപ്പിച്ചു. ലാക്കാട് എസ്റ്റേറ്റിൽ ഇറങ്ങിയ കാട്ടുകൊമ്പൻ കഴിഞ്ഞ ദിവസം നാലോളം കടകൾ തകർത്തിരുന്നു.

**********************************

## പ്രവാസി കമ്മീഷൻ അദാലത്ത്

പ്രവാസി കമ്മീഷൻ അദാലത്ത് ഈ മാസം 16, 17 തീയതികളിൽ തിരുവനന്തപുരം തൈക്കാട് നോർക്ക സെന്ററിൽ നടക്കും. രാവിലെ ആരംഭിക്കുന്ന അദാലത്തിന് പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ് നേതൃത്വം നൽകും. പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അദാലത്തിൽ ഉന്നയിക്കാം.

**********************************

## സായുധ സേനാ പതാക ദിനം

ഇന്ന് സായുധ സേനാ പതാക ദിനം. ഇന്ത്യൻ സായുധ സേനയുടെ ധീരതയ്ക്കും ത്യാഗങ്ങൾക്കും രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് അഭിവാദ്യം അർപ്പിച്ചു. സൈനികരുടെ ധൈര്യം രാജ്യത്തെ സംരക്ഷിക്കുന്നുവെന്നും അവരുടെ നിസ്വാർത്ഥ സേവനം ഒരിക്കലും വീട്ടാൻ കഴിയാത്ത കടപ്പാട് ഓർമ്മിപ്പിക്കുന്നുവെന്നും രാജ്യരക്ഷ മന്ത്രി സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു.

**********************************

## ലോകകപ്പ് മത്സരക്രമം

2026 ഫുട്ബോൾ ലോകകപ്പ് മത്സരക്രമം ഫിഫ പുറത്തിറക്കി. 48 ടീമുകൾ പങ്കെടുക്കുന്ന ലോകകപ്പ് യുഎസ്, മെക്സിക്കോ, കാനഡ എന്നിവിടങ്ങളിലായാണ് നടക്കുക.

*

******************

**************************************************